**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**കൂട്ടിച്ചേർക്കൽ വിജ്ഞാപനം**

നമ്പർ: GR 10-3/4/2025-KPSC തിരുവനന്തപുരം, 2025 ഡിസംബർ 02

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോഡയഗ്നോസിസ് (ഒന്നാം എൻ.സി.എ-വിശ്വകർമ്മ) (കാറ്റഗറി നമ്പർ-298/2025) തസ്തിക-കൂട്ടിച്ചേർക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്-

സൂചന:- 1. 30.08.2025 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 298/2025 ആയി പ്രസിദ്ധീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോഡയഗ്നോസിസ് (ഒന്നാം എൻ.സി.എ-വിശ്വകർമ്മ) തസ്തികയുടെ വിജ്ഞാപനം
2. ബഹു.കമ്മീഷന്റെ 13.10.2025 തീയതിയിലെ 6-ാം നമ്പർ തീരുമാനം.

*************************

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോഡയഗ്നോസിസ് (ഒന്നാം എൻ.സി.എ-വിശ്വകർമ്മ) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 30.08.2025 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ-298/2025 ആയി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി 03.10.2025 ആയി വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു.

നാഷണൽ മെഡിക്കൽ കമ്മീഷൻ 30.06.2025 തീയതിയിൽ പുതുക്കിയ ടീച്ചേഴ്സ് എലിജിബിലിറ്റി ക്വാളിഫിക്കേഷൻസ് ഇൻ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് റെഗുലേഷൻസ് 2025 [മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് (ക്വാളിഫിക്കേഷൻസ് ഓഫ് ഫാക്കൽറ്റി) റെഗുലേഷൻസ് 2025] വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിന് അനുസൃതമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസ്സിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോഡയഗ്നോസിസ് (ഒന്നാം എൻ.സി.എ-വിശ്വകർമ്മ) തസ്തികയുടെ വിജ്ഞാപനത്തിൽ ചുവടെപ്പറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

**യോഗ്യതകൾ:-**

**2.** ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം ഒരു അംഗീകൃത മെഡിക്കൽ കോളേജിൽ നിന്ന് റേഡിയോഡയഗ്നോസിസിൽ ഒരു വർഷത്തെ സീനിയർ റെസിഡന്റ് ആയുള്ള പ്രവൃത്തി പരിചയം.

കുറിപ്പ്:

a.ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം ഒരു അംഗീകൃത മെഡിക്കൽ സ്ഥാപനത്തിൽ നിന്ന് ബന്ധപ്പെട്ട വിഷയത്തിൽ ട്യൂട്ടർ ആയുള്ള പ്രവൃത്തി പരിചയം സീനിയർ റെസിഡന്റ് ആയുള്ള പ്രവൃത്തി പരിചയത്തിന് തത്തുല്ല്യമായി പരിഗണിക്കും.

b. എം.എസ്.സി യും പി.എച്ച്.ഡി യും നേടിയവരും ഒരു അംഗീകൃത മെഡിക്കൽ സ്ഥാപനത്തിൽ നിന്ന് ബന്ധപ്പെട്ട വിഷയത്തിൽ ഡെമോൺസ്ട്രേറ്റർ ആയ പ്രവൃത്തി പരിചയമുള്ളവരെയും സീനിയർ റെസിഡന്റ് ആയുള്ള പ്രവൃത്തി പരിചയത്തിന് തത്തുല്ല്യമായി പരിഗണിക്കുന്നതാണ്.

